പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126 | 11.2.2013-ന് മറുപടിക്ക്

## മാലിന്യ പ്രശ്ന പരിഹാരത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പി. റ്റി.എ. റഹീം<br>,, കെ. വി. വിജയദാസ്<br>,, ബി. ഡി. ദേവസ്സി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വിവിധ നഗരങ്ങളിലെ മാലിന്യപ്രശ്ന ങ്ങൾക്ക് പരിഹാരം കാണാൻ സ്വീ കരിച്ച നടപടികൾ എന്തെല്ലാമാണ്; | എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ കേരള മുനിസ്സിപ്പൽ രാജ് ആക്ട് എന്നിവ അനുസരിച്ച് മാലിന്യ സംസ്കരണം ഏർപ്പെടുത്തേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാ ഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് 75% സബ്സിഡിയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് 15% സബ്സിഡിയും ചേർത്ത് ആകെ 90% സബ്സിഡി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയായി ഉയർത്താനും കഴിഞ്ഞു. |

പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമായിട്ടുള്ള പ്രധാന നഗരസഭകളിൽ നവീന രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിശേഷിച്ചും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ കഴിയുന്നത് (തിരുവനന്തപുരത്ത് - ചാല, കോട്ടയത്ത് - വടവാതൂർ, എറണാകുളത്ത് - ബ്രഹ്മപുരം, തൃശ്ശൂരിൽ - ലാലൂർ, കോഴിക്കോട്ട് - ഞെളിയൻപറമ്പ്, കണ്ണൂരിൽ - ചെലോറ എന്നിവിടങ്ങളിൽ) സ്ഥാപിക്കാനുള്ള നയപരമായ തീരുമാനം എടുക്കുകയും ആയത് പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി പി പി) അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിൽ തിരുവനന്തപുരത്തെ നവീന പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിയും വേഗം ആരംഭിക്കുന്നതാണ്.

ബി) പ്രസ്തുത പരിപാടികൾ ഓരോന്നിന്റേയും പ്രവർത്തനത്തെ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

ബി) ഉണ്ട്. നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം സമയബന്ധിതമായി അവലോകനം നടത്തി വരുന്നുണ്ട്. വിശദമായ അവലോകനത്തിനും പഠനത്തിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഇൻ ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ പ്രവർത്തനത്തിൽ വന്നിട്ടുള്ള പ്രശ്നം പരിഗണിച്ച് ചില താൽക്കാലിക നടപടികളും സർക്കാരിന്റെ ഭാഗത്ത് നിന്ന് കൈക്കൊണ്ടിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു മൊബൈൽ ഇൻസിനറേറ്റർ

വാങ്ങി പ്രവർത്തിപ്പിക്കുന്നതിനും തിരുവനന്തപുരത്തെ മാലിന്യം മുരുക്കുംപുഴയിലെയും കൊച്ചുവേളിയിലെയും റെയിൽവേ പ്ലാറ്റ്ഫോം ഫിൽ ചെയ്യാനുള്ള നടപടികളും കൈക്കൊള്ളാൻ കഴിഞ്ഞു. കൂടാതെ താൽക്കാലികമായി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് കോർപ്പറേഷനു വേണ്ടുന്ന സഹായം സർക്കാർ ലഭ്യമാക്കി വരുന്നു.

| | |
|---|---|
| സി) ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിന് നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നറിയിക്കാമോ ? | സി) 2011–12 സാമ്പത്തിക വർഷത്തിൽ ഇതിനായി 2219.67 ലക്ഷം രൂപയും 2012–13 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 630 ലക്ഷം രൂപയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ